# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1393

20.01.2014-ൽ മറുപടിയ്ക്ക്

## മാവേലിക്കര നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. ആർ. രാജേഷ് | | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | **മാവേലിക്കര കണ്ടിയൂർ** ബൈപ്പാസ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ ; | (എ) | **ഉണ്ട്.** |
| (ബി) | ബൈപ്പാസ് നിർമ്മാണത്തിനുള്ള ഫണ്ട് ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (ബി) | കണ്ടിയൂർ ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനു വേണ്ടി വിശദമായ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഈ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. |
| (സി) | മാവേലിക്കര ജില്ലാ ആശുപത്രിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് 16 കോടി രൂപയുടെ പ്രപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഈ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (സി) | മാവേലിക്കര ജില്ലാ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 16247 ചതുരശ്ര മീറ്ററിൽ ഒരു അഞ്ചുനില കെട്ടിടത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. |
| (ഡി) | മാവേലിക്കര എരുമക്കുഴി-ഇടപ്പോൺ റോഡ് ബിഎം/ബിസി ടാറിംഗ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അഭാവം കാരണം ഈ സാമ്പത്തിക വർഷം അനുമതി നൽകുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ